# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 4, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2021 ഒക്ടോബർ 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചരമോപചാരം

### സി. എ. മാത്യുവിന്റെ നിര്യാണം

മുൻ നിയമസഭാംഗമായിരുന്ന സി. എ. മാത്യുവിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ എം. രാജഗോപാലൻ, ജോബ് മൈക്കിൾ, എം. വിൻസെന്റ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III. അടിയന്തരപ്രമേയം

### പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാൻ നടപടി

മി. സ്പീക്കർ: കേരള സർക്കാർ പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാൻ തയ്യാറാകാത്തത് കാരണം സംസ്ഥാനത്തെ പത്താംതരം പാസ്സായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ സീറ്റ് നിഷേധിക്കപ്പെടുന്നതും എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ കുട്ടികൾക്കുപോലും ഇഷ്ടപ്പെട്ട വിഷയം

ലഭിക്കാത്തതുമായ സാഹചര്യംമൂലം വിദ്യാർത്ഥികളുടെ തുടർപഠനം പ്രതിസന്ധിയിലായ അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2-9-2021-ലെ സർക്കാർ ഉത്തരവുപ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിനായി എല്ലാ വിഷയങ്ങളിലും 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തേയ്ക്ക് ഏകജാലക സംവിധാനംവഴി പ്രവേശനം നടത്തുന്ന 2,71,136 സീറ്റുകളിലേയ്ക്ക് 4,65,219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയും ആദ്യ അലോട്ട്മെന്റിൽ 2,01,489 വിദ്യാർത്ഥികൾ പ്രവേശനം നേടുകയും ചെയ്തിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവ ഒക്ടോബർ മാസമാണ്

ആരംഭിക്കുന്നത്. മലബാർ മേഖലകളിലും തിരുവനന്തപുരം ജില്ലയിലും അധിക സീറ്റുകൾ നൽകിയതിനാൽ 2021-22 അദ്ധ്യയന വർഷം സംസ്ഥാനത്ത് അധിക ബാച്ച് അനുവദിക്കേണ്ടതില്ലെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സപ്ലിമെന്ററി അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഏകജാലക സംവിധാനംവഴി അപേക്ഷിക്കുന്ന അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും മെറിറ്റടിസ്ഥാനത്തിൽ ആഗ്രഹിക്കുന്ന സ്കൂളുകളിൽ പരമാവധി പ്രവേശനം ലഭിക്കുന്നതാണ്. സീറ്റുകളുടെ തുടർന്നുള്ള ആവശ്യകത ഒക്ടോബർ 23-നുശേഷം മാത്രമേ കൃത്യമായി അറിയാൻ സാധിക്കുകയുള്ളൂ. രണ്ടാംഘട്ട അലോട്ട്മെന്റും സ്പോട്ട് അഡ്മിഷനുംകൂടി കഴിയുമ്പോൾ ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അവസരം കൊടുക്കാൻ കഴിയുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചിട്ടും വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട കോഴ്സ് പഠിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ജില്ലകളിൽ പത്തോ ഇരുപതോ ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. ഇത

സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനുള്ള അവസരമൊരുക്കണം. അധികം സീറ്റുകളുള്ള ജില്ലകളിലെ ബാച്ചുകൾ കുറവുള്ള ജില്ലകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് പ്രശ്നം പരിഹരിക്കാൻ തയ്യാറാകണം. വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന ഈ പ്രശ്നം സാമ്പത്തിക ബാധ്യതയുടെ പേരിൽ മാറ്റിവയ്ക്കുന്നത് ഉചിതമല്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ ആകെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 3,94,457-ഉം ആകെ അപേക്ഷകർ 4,65,219-ഉമാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ ശരാശരിയനുസരിച്ച് പ്രവേശനം നേടാൻ സാധ്യതയുള്ള കുട്ടികൾ 90.50 ശതമാനമാണ്. ഒന്നാംഘട്ട അലോട്ടുമെന്റിനുശേഷം സംസ്ഥാനത്താകെ 1,92,951 സീറ്റുകൾ ഒഴിവുണ്ട്; അതനുസരിച്ച് അലോട്ടുമെന്റ് പൂർത്തിയാകുമ്പോൾ 33,119 സീറ്റുകൾ മിച്ചം വരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിൽ 677 സീറ്റുകൾ അധികം വരും. മലപ്പുറം ജില്ലയിൽ 1760 സീറ്റുകളുടെയും കോഴിക്കോട് ജില്ലയിൽ 416 സീറ്റുകളുടെയും വയനാട് ജില്ലയിൽ 847 സീറ്റുകളുടെയും കുറവുണ്ടാകും. അപേക്ഷ നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയുമെന്നാണ് സർക്കാർ

പ്രതീക്ഷിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV. **ശ്രദ്ധക്ഷണിക്കൽ**

### 1. ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് പ്രവേശനം ലഭ്യമാക്കുന്നതോടൊപ്പം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കോഴ്സിന്റെ പ്രത്യേകത മനസ്സിലാക്കുന്നതിനായി ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിക്കുകയും വേണം. സംസ്ഥാനത്തിന്റെ മൊത്തം സീറ്റ് ജില്ലാടിസ്ഥാനത്തിൽ

പരിശോധിച്ച് ആവശ്യമായ സീറ്റുകൾ റീ അറേഞ്ച് ചെയ്യണം. ഒരു ക്ലാസ്സിൽ 50 കുട്ടികൾ മാത്രമേ പാടുള്ളൂവെന്ന ഹൈക്കോടതി വിധി തടസ്സമാകാതെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കണം. സ്വാശ്രയ കോളേജുകളിൽ അമിത ഫീസ് ഈടാക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): എസ്.എസ്.എൽ.സി. പാസ്സായ എല്ലാ കുട്ടികൾക്കും ഉപരിപഠനം ഉറപ്പാക്കുന്നതാണ്. കോവിഡ്-19 പ്രതിസന്ധിക്കിടയിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. അപേക്ഷയിലെ പോരായ്മകൾ കാരണം എ പ്ലസ് നേടിയ കുറച്ച് കുട്ടികൾക്കാണ് ആദ്യ അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കാതിരുന്നത്; രണ്ടാമത്തെ അലോട്ട്മെന്റിന് ശേഷം ഒഴിഞ്ഞുകിടക്കുന്ന സംവരണ സീറ്റുകളും ഇ.ഡബ്ല്യു.എസ്. റിസർവേഷൻ ഒഴികെയുള്ള സീറ്റുകളും പൊതുമെരിറ്റായി പരിവർത്തനം ചെയ്യുന്നതാണ്. ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. മാനദണ്ഡങ്ങൾക്ക് വിധേയമായി സ്വാശ്രയ കോളേജുകളിൽ കൂടുതൽ സീറ്റുകൾ അനുവദിക്കുകയും അമിതഫീസ്

ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

2. വയനാട് ജില്ലയിലെ രാസവളക്ഷാമം പരിഹരിക്കാൻ നടപടി

ശ്രീ. ടി. സിദ്ദിഖ്: വയനാട് ജില്ലയിലെ രാസവളക്ഷാമം പരിഹരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ് കാരണം രാസവള നിർമ്മാണ കമ്പനികളിൽ ഉല്പാദനം കുറഞ്ഞ സാഹചര്യത്തിൽ രാസവളങ്ങളുടെ ലഭ്യത ഉറപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ചും പി.ഒ.എസ്. മെഷീനിലെ വളശേഖരണത്തിന്റെ ബാലൻസ് സ്റ്റോക്ക് പരിശോധിച്ചുമാണ് കേന്ദ്ര ഗവൺമെന്റ് വളം അനുവദിക്കുന്നത്. പി.ഒ.എസ്. മെഷീൻ കൃത്യമായി ഉപയോഗിച്ച് ബാലൻസ് സ്റ്റോക്ക് ക്ലിയർ ചെയ്യാത്ത വ്യാപാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് വയനാട് ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതാണ്. വയനാട് ജില്ലയിലെ രാസവളശേഖരത്തിന്റെ കണക്ക് കൃത്യമായാൽ മാത്രമേ കേന്ദ്ര ഗവൺമെന്റ് രാസവള വിഹിതം വർദ്ധിപ്പിക്കുകയുള്ളുവെന്ന് അറിയിച്ചിട്ടുണ്ട്. വയനാട്

ജില്ലയിൽ ആവശ്യമായ വളം എത്തിക്കണമെന്ന് എല്ലാ കമ്പനികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## V. സബ്മിഷൻ

### 1 ആർ.ടി.പി.സി.ആർ. ടെസ്റ്റിന് ഈടാക്കുന്ന അമിത തുക

ശ്രീ. എം. രാജഗോപാലൻ: വിമാനത്താവളങ്ങളിലെ ആർ.ടി.പി.സി.ആർ. പരിശോധനക്കും, വിമാന ടിക്കറ്റിനും അമിത നിരക്ക് ഈടാക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 08-09-2021-ലെ സർക്കാർ ഉത്തരവുപ്രകാരം വിമാനത്താവളങ്ങളിൽ നടത്തുന്ന റാപ്പിഡ് ആർ.ടി.പി.സി.ആർ. പരിശോധനയുടെ ഫീസ് 2,490 രൂപയായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതത് രാജ്യങ്ങളുടെ കോവിഡ് ടെസ്റ്റിംഗ് റെഗുലേറ്ററി പ്രോട്ടോക്കോളുകൾ പ്രകാരം ചെലവുകുറഞ്ഞതോ കൂടിയതോ ആയ ടെസ്റ്റുകൾ തെരഞ്ഞെടുക്കാൻ യാത്രക്കാർക്ക് സ്വാതന്ത്ര്യമുണ്ട്. വിമാനയാത്രാക്കൂലി വർദ്ധനവ് തടയുന്നതിനും വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോടും സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കാൻ വിവിധ എയർലൈൻ കമ്പനികളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

2. ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുറ്റ്യാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗോൾഡ് പാലസ് ജ്വല്ലറി കുറ്റ്യാടി, നാദാപുരം, പയ്യോളി എന്നിവിടങ്ങളിൽ സ്വർണ്ണവും പണവും നിക്ഷേപമായി സ്വീകരിച്ച് മടക്കിനൽകാതെ തട്ടിപ്പ് നടത്തിയതുസംബന്ധിച്ച് 13 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതും നാല് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതും നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്.

3. ബിവറേജസ് ഔട്ട്ലെറ്റുകൾ മാറ്റിസ്ഥാപിക്കൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: തഴുത്തല, പെരുമ്പുഴ ജനവാസ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): തഴുത്തല, പെരുമ്പുഴ ബിവറേജസ്

ഔട്ട്‌ലെറ്റുകൾ മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളിൽ നിലവിലുള്ള അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന ദൂരപരിധിയിലാണ് പ്രവർത്തിക്കുന്നത്. രണ്ട് ഔട്ട്‌ലെറ്റുകളിലും മൂന്നും അതിലധികവും കൗണ്ടറുകൾ പ്രവർത്തിക്കുന്നതിനാലും പാർക്കിംഗ് സൗകര്യമുള്ളതിനാലും പൊതുജനങ്ങൾക്കോ ഗതാഗതത്തിനോ തടസ്സമുണ്ടാകുന്നില്ല. എക്സൈസ് കമ്മീഷണർ നിയോഗിച്ച ഉദ്യോഗസ്ഥതല സമിതി പ്രസ്തുത ഔട്ട്‌ലെറ്റുകളുടെ സ്ഥലവും കെട്ടിടവും പരിശോധിച്ചതിൽ മതിയായ സൗകര്യം ലഭ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ ഔട്ട്‌ലെറ്റുകൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽനിന്നും മാറ്റിസ്ഥാപിക്കേണ്ട ആവശ്യമില്ല.

4. <u>ഗ്രീൻഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റ്</u>

<u>ശ്രീ. പി. എസ്. സുപാൽ</u>: കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നിർദ്ദിഷ്ട ഗ്രീൻഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റ് പുനഃക്രമീകരിക്കുന്നതിനും ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): നിർദ്ദിഷ്ട ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ നിർമ്മാണത്തിന് ജനവാസകേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി അലൈൻമെന്റ്

പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ദേശീയപാത വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. അലൈൻമെന്റിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ നടപടികൾ പരിശോധിച്ചശേഷം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നിയമപരമായ നടപടി സ്വീകരിക്കുന്നതും ജനങ്ങളുടെ ആശങ്ക അകറ്റുന്നതുമാണ്.

5. ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിലെ പുതിയ കോഴ്സുകൾ

ശ്രീ. കെ. പി. മോഹനൻ: കൂത്തുപറമ്പ് ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിവകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കൂത്തുപറമ്പ് ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിൽ അഗ്രോ പ്രോസസിംഗ് ആൻഡ് വാല്യൂ അഡീഷൻ, അനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാന്റ് ടെക്നോളജി എന്നീ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചെങ്കിലും സർവ്വകലാശാല അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ഇവ പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. കോഴ്സുകൾ ഉയർന്ന നിലവാരത്തിൽ നടത്താനും ASAP-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനുള്ള നടപടിക്രമങ്ങൾ

ആരംഭിക്കുന്നതിനും സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷം നിലവിലുള്ള കോഴ്സുകൾ തുടരുന്നതിനും അവയ്ക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്.

## 6. പോളിടെക്നിക്ക് കോളേജായി ഉയർത്തൽ

ശ്രീമതി കാനത്തിൽ ജമീല: പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്ക് കോളേജായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്ക് കോളേജായി ഉയർത്തുന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് കോഴിക്കോട് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പലിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

7. <u>കായികാദ്ധ്യാപക തസ്തികയുടെ യോഗ്യതാ മാനദണ്ഡം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: കായികാദ്ധ്യാപക തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിഷ്കരിക്കാനും കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ പുറത്തിറക്കിയ വിജ്ഞാപനപ്രകാരം പ്രൈമറി ക്ലാസുകളിലേയ്ക്ക് ഡിപ്ലോമ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനും ഹൈസ്കൂൾ ക്ലാസുകളിലേയ്ക്ക് ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനും ഹയർസെക്കണ്ടറി ക്ലാസുകളിലേയ്ക്ക് B.P.Ed (Bachelor of Physical Education) ഉം Master of Physical Education-ഉം കായികാദ്ധ്യാപക തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായികാദ്ധ്യാപക തസ്തികകൾക്കും ഈ മാനദണ്ഡങ്ങൾ ബാധകമാക്കുന്നതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. തസ്തികനിർണ്ണയ മാനദണ്ഡം പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 8. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും ഏറ്റെടുക്കൽ

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കൺസോർഷ്യം രൂപീകരിച്ചും പുനരുദ്ധാരണ പാക്കേജിന് ഹൈക്കോടതിയുടെ അനുമതി വാങ്ങിയും മാത്രമേ സംഘം പുനരുദ്ധരിക്കാനുള്ള നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ. സംഘം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം അപ്രായോഗികമാണ്.

## 9. കൗൺസിലിംഗ്

ശ്രീ. യു. എ. ലത്തീഫ്: വിദ്യാലയങ്ങൾ തുറക്കുന്നതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും കൗൺസിലിംഗ് നൽകാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കേന്ദ്രീകൃത മോഡ്യൂൾ അടിസ്ഥാനമാക്കി

അദ്ധ്യാപകതല പരിശീലനം നടത്തുകയും അവർ മുഖേന സമൂഹമാധ്യമങ്ങളിലൂടെ രക്ഷകർത്താക്കൾക്കും സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്.

## 10. താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ഈരാറ്റുപേട്ടയിലെ കുടുംബാരോഗ്യ കേന്ദ്രത്തെ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയ താലൂക്കാശുപത്രിയായി ഉയർത്തണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മികച്ച ചികിത്സാ സൗകര്യമൊരുക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

(i)2021- ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

(ii)2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii)2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ

(iv)2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലും 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി)ബില്ലും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

## VIII. ക്രമപ്രശ്നം

1. ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമത്തിന് വിരുദ്ധം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലിയിൽ കുറവ് വരുത്താൻ പാടില്ലെന്ന 2005-ലെ മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ വ്യവസ്ഥ ലംഘിച്ചുകൊണ്ട് തൊഴിലാളികളുടെ വേതനത്തിൽനിന്നും നിശ്ചിത തുക സംസ്ഥാന ക്ഷേമനിധിയിലേയ്ക്ക് നൽകണമെന്ന വ്യവസ്ഥ കേന്ദ്ര നിയമത്തിന് വിരുദ്ധമാണ്. ക്ഷേമനിധി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യുന്നതുവരെയുള്ള തൊഴിലാളികളുടെ അംശദായം സംസ്ഥാന സർക്കാർ നൽകേണ്ടതാണെന്ന വ്യവസ്ഥയില്ലാത്തതിനാൽ ബിൽ നിയമപരമായി നിലനിൽക്കുന്നതല്ല. തൊഴിലാളികൾക്ക് ആനുപാതികമായി സർക്കാർ വിഹിതം നൽകേണ്ടതിനാൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തക ചെലവിനത്തിൽ തുക ചേർത്തിരിക്കുന്നത് ക്രമപ്രകാരമല്ല. ന്യൂനതകൾ പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണം.

2. ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ ആറാം വകുപ്പ് മൂന്നാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്ത് പഞ്ചായത്തംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചെങ്കിലും വാർഡ് വിഭജനം നടക്കാത്തതിനാൽ പഴയ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തിയതിനുശേഷം

ഇപ്പോൾ ഭേദഗതി കൊണ്ടുവരുന്നത് ഭരണഘടനാ ലംഘനമാണ്. 2020 മേയ് മാസത്തിൽ ഓർഡിനൻസ് കൊണ്ടുവന്നശേഷം ആഗസ്റ്റിലും ഡിസംബറിലും സഭ ചേർന്നിട്ടും ബിൽ കൊണ്ടുവരാതെ പുതിയ ഗവൺമെന്റ് ചുമതലയേറ്റശേഷം ഈ സമ്മേളനത്തിൽ ബിൽ കൊണ്ടുവന്നത് സർക്കാരിന്റെ ഉദാസീനതയാണ്. ഇക്കാര്യത്തിൽ റൂളിംഗ് നൽകണം.

3. ബിൽ ഭരണഘടനാ വിരുദ്ധം

ശ്രീ. മഞ്ഞളാംകുഴി അലി: 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഭരണഘടനാവിരുദ്ധമാണ്. ജില്ലയ്ക്ക് മുഴുവനായി വികസന പദ്ധതികളുടെ കരട് എന്ന രീതിയിൽ ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നതിനുപകരം ബില്ലിലെ 14-ാം വകുപ്പ് പ്രകാരം പ്രധാന ആക്ടിന്റെ 13 (2) വകുപ്പിൽ കൊണ്ടുവരുന്ന ' പല പല പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുക' എന്ന ഭേദഗതി നിർദ്ദേശം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 (ഡി)-ക്ക് വിരുദ്ധമാണ്. ഓരോ പ്രത്യേക പ്രദേശത്തിനും പ്രത്യേക പ്ലാൻ എന്നത് ജില്ലാ ആസൂത്രണ സമിതിക്ക് ഭരണഘടന നൽകിയിരിക്കുന്ന അധികാരത്തെ പരിമിതപ്പെടുത്തുന്നതും അശാസ്ത്രീയവുമാണ്. പുതിയ നിർദ്ദേശം പ്രാബല്യത്തിൽ വരുന്നതോടെ ജില്ലയ്ക്ക് മുഴുവനായി ഒരു പ്ലാൻ എന്നത് മാറി

ഭിന്നിപ്പിക്കപ്പെടുമെന്നതുകൊണ്ട് ഭരണഘടനാവിരുദ്ധമായ ഭേദഗതികളുൾപ്പെട്ട ബിൽ പിൻവലിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ കീഴിൽ വരുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ്. പ്രസ്തുത ബില്ലിൽ അവരുടെ വേതനത്തിൽനിന്നും അംശദായമിനത്തിൽ ക്ഷേമനിധി വിഹിതം അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. ബില്ലിന്റെ നാലാം വകുപ്പ് പ്രകാരം ക്ഷേമനിധിയിൽ അംഗമാകാൻ ആഗ്രഹിക്കുന്ന തൊഴിലാളിമാത്രം 50 രൂപ അംശദായമായി നൽകണമെന്നതാണ് വ്യവസ്ഥ. ടി സാഹചര്യത്തിൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര നിയമമായ 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല.

കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ഭേദഗതി ഓർഡിനൻസുകൾ 2020 മേയ് 2-ാം തീയതി വിളംബരം ചെയ്തു. 2020 നവംബർ

മാസത്തോടുകൂടി കാലാവധി തീരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് വാർഡ് വിഭജന പ്രക്രിയകൾ തടസ്സമാകുമെന്നതിനാലാണ് പ്രസ്തുത ഭേദഗതി ഓർഡിനൻസായി കൊണ്ടുവന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും ഡിസംബർ-ജനുവരിയിൽ ചേർന്ന നിയമസഭാ സമ്മേളന കാലയളവിൽ ഓർഡിനൻസുകൾക്കുപകരം ബില്ലുകൊണ്ടുവരാൻ സാധിക്കാതിരുന്നതിനാലും കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാര്യത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഭേദഗതി ഓർഡിനൻസ് വിളംബരം ചെയ്തത്. സാഹചര്യങ്ങൾ കണക്കിലെടുത്ത് ഓർഡിനൻസ് പുനർവിളംബരം ചെയ്യേണ്ടത് ഭരണഘടനാപരമായ അനിവാര്യതയാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പ് കൽപ്പിച്ചിട്ടുള്ളതിനാൽ ഭരണഘടനാ വിരുദ്ധമാണെന്ന വാദം നിലനിൽക്കുന്നതല്ല.

ഭരണഘടനയുടെ 243 (ഡി) അനുച്ഛേദം ഓരോ സംസ്ഥാനത്തും ജില്ലാതലത്തിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ തയ്യാറാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്ക് മൊത്തത്തിലുള്ള വികസന പദ്ധതികളുടെ കരട് തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ സമിതി

രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ രണ്ടാം ഉപഖണ്ഡ പ്രകാരം നിയമംവഴി അങ്ങനെയുള്ള സമിതികൾക്ക് നീക്കി വയ്ക്കാവുന്ന ചുമതലകൾ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം മറ്റ് ചുമതലകളും ഏൽപ്പിക്കാനും അവകാശമുണ്ട്. ആയതിനാൽ പ്രധാന ആക്ടിലെ 13-ാം വകുപ്പ് ഭേദഗതി ചെയ്യുന്നത് ഭരണഘടനാ വിരുദ്ധമല്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ, തൊഴിലുറപ്പ് രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി ഒരു ക്ഷേമനിധിക്ക് രൂപം നൽകുന്നതിനുള്ള ഒരു നിയമമാണ്. ഇത് കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നില്ലെന്ന് മാത്രമല്ല, ധനകാര്യ മെമ്മോറാണ്ടത്തിലും പ്രകടമായ അപാകത കണ്ടെത്തുവാൻ കഴിയുന്നില്ല. അതിനാൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ല.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും ഓർഡിനൻസുകൾക്ക് പകരമുള്ള നിയമനിർമ്മാണം എന്ന നിലയിലാണ് സഭ മുമ്പാകെ വന്നിട്ടുള്ളത്. കോവിഡ് - 19 പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട

ഓർഡിനൻസുകൾക്ക് പകരം നിയമനിർമ്മാണം നടത്തുവാൻ കഴിഞ്ഞിരുന്നില്ല. കഴിഞ്ഞ സമ്മേളന കാലത്ത് ഇതുസംബന്ധിച്ച ക്രമപ്രശ്നം തീർപ്പാക്കിക്കൊണ്ട് നൽകിയ റൂളിംഗിന്റെ കൂടി അടിസ്ഥാനത്തിലാണ് നിയമ നിർമ്മാണത്തിനു മാത്രമായി ഈ സമ്മേളനം ചേരുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. എൻ. ഷംസുദ്ദീന്റെ തടസ്സവാദം നിലനിൽക്കുന്നതല്ല.

സംസ്ഥാന നിയമസഭയുടെ നിയമ നിർമ്മാണാധികാരത്തിന്റെ പരിധിയിൽ വരുന്ന വ്യവസ്ഥകൾ മാത്രമാണ് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിൽ വിഭാവന ചെയ്തിരിക്കുന്നതെന്ന മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബില്ലിന്റെ അവതരണം സംബന്ധിച്ച ശ്രീ. മഞ്ഞളാംകുഴി അലിയുടെ തടസ്സവാദം നിലനിൽക്കുന്നതല്ല.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലും 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2021-ലെ കേരള നഗര - ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ

നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയടക്കം ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ വിപുലീകരിക്കാനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് നടത്തുന്നത്. ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കുന്നതിന് എല്ലാ അംഗങ്ങളുടെയും പിന്തുണയുണ്ടാകണം. രണ്ട് തൊഴിലുറപ്പ് പദ്ധതികളിലുമായി രജിസ്റ്റർ ചെയ്തിട്ടുള്ള 40 ലക്ഷം കുടുംബങ്ങളുടെ ക്ഷേമവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടിയാണ് ക്ഷേമനിധി ആരംഭിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ള 18 മുതൽ 55 വയസ്സുവരെയുള്ള ഏതൊരു തൊഴിലാളിക്കും പദ്ധതിയിൽ അംഗത്വം നേടുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ

60 വയസ്സുവരെ അംശദായം അടയ്ക്കേണ്ടതും 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അംഗങ്ങൾക്ക് പെൻഷനും, മരണം സംഭവിച്ചാൽ ആശ്രിതർക്കും, ഗുരുതരമായ രോഗം ബാധിച്ചവർക്കും സാമ്പത്തിക സഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംശദായമായി തൊഴിലാളികളിൽ നിന്നും പ്രതിമാസം 50 രൂപ ഈടാക്കുകയും അതിനാനുപാതികമായ വിഹിതം സർക്കാർ നൽകുന്നതുമാണ്. ക്ഷേമനിധി അംഗങ്ങളുടെ മക്കളുടെ പഠനാവശ്യത്തിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും ലഭ്യമാക്കുന്നതിനും അംഗഭംഗമോ അവശതയോമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ അംഗത്വം അവസാനിപ്പിക്കേണ്ടി വന്നാൽ അംശദായമായി അടച്ചതുക പലിശസഹിതം തിരിച്ചുനൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് സഹായകരമായ ഭേദഗതിയാണ് ബില്ലിലുള്ളത്.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മൂന്ന് പഴയ നിയമങ്ങൾക്ക് പകരമായി 2016-ൽ നിലവിൽ വന്ന കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ടിൽ സംസ്ഥാന, ജില്ല, തദ്ദേശാസൂത്രണ പ്രദേശം എന്നിങ്ങനെ വിവിധ പ്ലാനുകളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ദുരന്തസാധ്യത മുന്നറിയിപ്പുകൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള

വ്യവസ്ഥകൾ ഓർഡിനൻസ് മുഖാന്തരം നിലവിൽ വന്നിട്ടുണ്ട്. നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ ആയത് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അനിവാര്യമായ 14 ഭേദഗതികളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

Smt. K. K. Rema: Sir, I move that -

" This House Resolves to disapprove The Kerala Employment Guarantee Workers Welfare Fund Ordinance, 2021 (Ordinance No.125 of 2021);"

ബില്ലിന്റെ പേര് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി എന്നാക്കി മാറ്റണം. ബില്ലിൽ പെൻഷൻ നൽകുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും എത്രവർഷം അംശദായം അടയ്ക്കണമെന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. ബിൽ പാസ്സാകുന്നതോടെ 60 വയസ്സിനും അതിനുമുകളിലുമുള്ള തൊഴിലാളികൾ പെൻഷൻ പരിധിയിൽ വരുമോയെന്നതുസംബന്ധിച്ച് സർക്കാർ വ്യക്തമാക്കണം. പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകുന്നതിന് 10 വർഷം എന്നത് ഒരു വർഷമാക്കണം. പത്തും പതിനഞ്ചും വർഷമായി

തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്ന 50 വയസും അതിനുമുകളിലുമുള്ള തൊഴിലാളി മരണപ്പെട്ടാൽ അവരുടെ കുടുംബങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്യണം. അംഗഭംഗം അല്ലെങ്കിൽ അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ ക്ഷേമനിധിയിലെ അംഗത്വം അവസാനിപ്പിക്കേണ്ടി വന്നാൽ, ഒരംഗം അടച്ച അംശദായത്തുക നിർദ്ദേശിച്ച പലിശ സഹിതം തിരികെ നൽകുന്നതിനു പകരം അവശതാ പെൻഷൻ ഏർപ്പെടുത്തണം. അംശദായം പ്രതിമാസം 10 രൂപയായി നിജപ്പെടുത്തുകയും ബാക്കി 40 രൂപ സർക്കാർ വിഹിതമായി അനുവദിക്കുകയും ചെയ്യണം. 20 ദിവസം തൊഴിലിലേർപ്പെട്ട തൊഴിലാളികൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിന് വർഷത്തിൽ എത്ര തൊഴിൽ ദിനങ്ങളിൽ ഹാജരാകണമെന്നത് സംബന്ധിച്ച് വ്യക്തമാക്കണം. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിൽനിന്ന് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള തൊഴിൽദിനങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തണം. ഒരംഗം ഒരു വർഷം തുടർച്ചയായി അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അംഗത്വം നഷ്ടപ്പെടുമെന്നുള്ളത് പരിശോധിക്കണം. ബോർഡിലെ അനൗദ്യോഗിക അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കണം. തൊഴിലിലുള്ള വൈദഗ്ദ്ധ്യം മാനദണ്ഡമായി

പരിഗണിച്ച് മേറ്റുമാരെ നിയമിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകണം. സാധാരണക്കാർക്ക് പ്രയോജനകരമായ രീതിയിൽ ബില്ലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംഗമായി ചേരുന്ന ഓരോ തൊഴിലാളിയും പ്രതിമാസം 50/- രൂപ അംശദായമായി നൽകേണ്ടതാണെന്ന വ്യവസ്ഥ പരിശോധിക്കണം. 100 തൊഴിൽ ദിനങ്ങൾ പറയുന്നുണ്ടെങ്കിലും ഒരാൾക്ക് ഒരു വർഷം ശരാശരി 25 ദിവസം മാത്രമേ ലഭിക്കുകയുള്ളൂ. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ഒറ്റപെൻഷൻ മാത്രമേ ലഭിക്കുകയുള്ളൂ. ഒരു ക്ഷേമനിധിയിൽ അംശദായമടച്ച് പെൻഷനുവേണ്ടി അപേക്ഷിക്കുന്നവർക്ക് മറ്റ് സാമൂഹ്യ പെൻഷൻ നിഷേധിക്കുന്ന രീതി അവസാനിപ്പിക്കണം. തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള ക്ഷേമനിധിക്ക് മഹാത്മാഗാന്ധി-അയ്യങ്കാളി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി എന്ന പേര് നൽകണം. അവർക്ക് 100 ദിനം തൊഴിൽ ലഭിക്കാതിരുന്നാൽ അൺ എംപ്ലോയ്മെന്റ് അലവൻസും ഡിലേ കോമ്പൻസേഷനും നൽകാൻ നടപടി സ്വീകരിക്കണം.

ഡോ. എം. കെ. മുനീർ: Sir, I move that-

" This House resolves to disapprove The Kerala Panchayat Raj (Amendment) Ordinance, 2021 (Ordinance No.134 of 2021)."

പഞ്ചായത്തുകളുടെ തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശം പഞ്ചായത്തുകളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അനധികൃത കെട്ടിട നിർമ്മാണം തടയുന്നിനായി സോഫ്റ്റ്‌വെയർ മുഖേന കെട്ടിട നിർമ്മാണ പെർമിറ്റ് നൽകാൻ നടപടി സ്വീകരിക്കണം. അത്തരം നിർമ്മാണങ്ങൾ പിഴ ഈടാക്കി സാധൂകരിച്ചുനൽകുന്ന നടപടി തിരുത്തണം. പഞ്ചായത്തുകളുടെ വികസന പദ്ധതികൾ വിവിധ മിഷനുകൾ തീരുമാനിക്കുന്നതിനാൽ അധികാര വികേന്ദ്രീകരണമെന്ന ലക്ഷ്യം നടപ്പിലാകുന്നില്ല. പഞ്ചായത്തുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും പുതിയ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനും വാർഡ് വിഭജന നടപടികൾ പൂർത്തീകരിക്കുന്നതിനും തയ്യാറാകണം.

ശ്രീ. പി. ടി. തോമസ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. അധികാര വികേന്ദ്രീകരണത്തിന് വിരുദ്ധമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

വകമാറ്റുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അന്ത:സത്തയ്ക്ക് വിരുദ്ധമാണ്. 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ വ്യവസ്ഥകൾ 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അനധികൃത കെട്ടിടനിർമ്മാണങ്ങളെ സാധൂകരിക്കാനുള്ള നടപടി നിരുത്സാഹപ്പെടുത്തണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: I move that- "This House resolves to disapprove The Kerala Town and Country Planning (Amdendment) Ordinance, 2021 (Ordinance no. 122 of 2021)."

ബില്ലിലെ ചില നിർദ്ദേശങ്ങൾ കേരളത്തിന്റെ ഭാവിവികസനത്തെ തടസ്സപ്പെടുത്തുന്നതാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്ന തരത്തിൽ നഗരാസൂത്രണ നിയമത്തിൽ പറഞ്ഞിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കത്തിലും നടപടിക്രമത്തിലും മാറ്റങ്ങൾ നിർദ്ദേശിച്ചതും എക്സിക്യൂഷൻ പ്ലാൻ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ ചേർത്തിരിക്കുന്നതും നിരാശാജനകമാണ്. ചീഫ് ടൗൺ പ്ലാനറിലേയ്ക്ക് അധികാരം കേന്ദ്രീകരിക്കുന്ന വ്യവസ്ഥ പുനഃപരിശോധിക്കണം. നിയമത്തിൽ ഭേദഗതി

വരുത്തി ജനകീയ പ്രാദേശിക സർക്കാരുകളുടെ അവകാശങ്ങളെ ഹനിക്കുന്ന നടപടിയിൽ നിന്ന് സർക്കാർ പിൻമാറണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഫണ്ടുണ്ടായിട്ടും കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ചുപണിയുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സ്വകാര്യ സംരംഭകരെ ബുദ്ധിമുട്ടിക്കുന്നതിനും തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുന്നതിനും കാരണമാകുന്നു. നഗരാസൂത്രണം, ബിൽഡിംഗ് പെർമിറ്റ് എന്നിവ സംബന്ധിച്ച റെഗുലേറ്ററി പ്ലാൻ ഒഴിവാക്കി വികസനോന്മുഖ പ്ലാൻ തയ്യാറാക്കണം. നിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തണം. താഴെത്തട്ടിലേയ്ക്ക് അധികാരങ്ങൾ വികേന്ദ്രീകരിക്കുന്നതിന് പകരം ചീഫ് ടൗൺ പ്ലാനർക്ക് അധികാരം നൽകുന്നതിലൂടെ നടപടിക്രമങ്ങളിൽ കാലതാമസം നേരിടും. നഗരപ്രദേശങ്ങളിലെ ഭൂമി ക്ലാസിഫിക്കേഷനിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നഗരവൽക്കരണം അനിവാര്യമായ സ്ഥലത്ത് കെട്ടിടനിർമ്മാണത്തിന് കൺവേർഷൻ ഫീ നൽകേണ്ട സാഹചര്യമാണുള്ളത്; നാട്ടിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി അടിയന്തര സാഹചര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

ഇടപെടാനുള്ള അധികാരം നൽകണം. അമൃത് പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കണം. കൽപ്പാത്തി പൈതൃക ഗ്രാമം സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതികളാവിഷ്കരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: I move that -

"This House resolves to disapprove The Kerala Municipality (Amendment) Ordinance, 2021 (Ordinance No.126 of 2021)."

ജി.എസ്.ടി.-യുടെ പേരിൽ പരസ്യ നികുതി, വിനോദ നികുതി തുടങ്ങിയവ പിരിക്കാനുള്ള അവകാശം എടുത്തുകളഞ്ഞതും നഗരസഭ കൗൺസിൽ അനുമതിയില്ലാതെ നഗരസഭയുടെ ഭൂമി ഏറ്റെടുക്കാനുള്ള തീരുമാനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശവും തദ്ദേശഭരണ സ്ഥാപനങ്ങളെ ദുർബ്ബലപ്പെടുത്തുന്നവയാണ്. ജനസംഖ്യാനുപാതികമായും സെൻസസിന്റെ അടിസ്ഥാനത്തിലും വാർഡ് പുനർനിർണ്ണയം നടത്തണം. സാംക്രമിക രോഗമുള്ളവരും ക്വാറന്റൈനിൽ കഴിയുന്നവരും വോട്ട് രേഖപ്പെടുത്തുന്ന സമയത്ത് മറ്റുള്ളവർക്കും വോട്ട് ചെയ്യാൻ കഴിയുമോ എന്ന കാര്യത്തിലും തപാൽ വോട്ടിന്റെ കാര്യത്തിലും വ്യക്തത വരുത്തണം. തദ്ദേശഭരണ

സ്ഥാപനങ്ങളുടെ തനത് ഫണ്ട് ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കാനും പലിശ ലഭ്യമാക്കാനുമുള്ള സാഹചര്യമൊരുക്കണം.

ഡോ. മാത്യു കുഴൽനാടൻ : നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സാംക്രമിക രോഗം ബാധിച്ചവർക്കും ക്വാറന്റൈനിൽ കഴിയുന്നവർക്കും തപാൽ വോട്ട് ചെയ്യുന്നതിനുള്ള അവസരം നൽകുന്ന വ്യവസ്ഥ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. 387(1), 392(എ) എന്നീ വകുപ്പുകളിലെ അപാകതകൾ പരിഹരിക്കണം.

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ സി. കെ. ഹരീന്ദ്രൻ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്/അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. 75 ദിവസം തൊഴിലെടുക്കുന്നവർക്കുൾപ്പെടെ ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചതും തൊഴിൽദിനങ്ങൾ 64 ദിവസമാക്കാൻ സാധിച്ചതും നേട്ടമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ എല്ലാവർക്കും തൊഴിൽ നൽകാൻ കഴിയുംവിധം പദ്ധതികൾ

ആവിഷ്കരിക്കാനും പുതിയ തൊഴിൽമേഖലകൾ ഉൾപ്പെടുത്തി ജനോപകാരപ്രദമാക്കാനും കഴിയണം. ക്ഷേമനിധി നിലവിൽ വരുന്നതോടെ തൊഴിലാളികളുടെ ജീവിതനിലവാരം ഉയരുകയും പെൻഷനും, വിവാഹം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കുള്ള ധനസഹായം ലഭ്യമാകുയും ചെയ്യുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെയും തൊഴിലാളികൾക്ക് മറ്റ് ക്ഷേമനിധികളിലുള്ളതുപോലെയുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതി സമഗ്രമായി നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ വിഹിതം ലഭ്യമാക്കാൻ കഴിയണം.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. ഇ. കെ. വിജയൻ): 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പദ്ധതിയുടെ വിപുലീകരണത്തിന് കേന്ദ്ര സർക്കാരിൽനിന്നും മതിയായ ധനസഹായം ലഭ്യമാക്കണം. തൊഴിലുറപ്പ് പദ്ധതിയിലൂടെ പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്താൻ സാധിച്ചത് അഭിമാനകരമാണ്. തൊഴിലാളികൾക്ക് മിനിമം വേതനം, ഇ.എസ്.ഐ.

ആനുകൂല്യങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കണം. കാർഷിക, ക്ഷീര മേഖലകളിലും വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങളിലും ഈ തൊഴിലാളികളെ ഉൾപ്പെടുത്തണം.

ശ്രീ. എ. പി. അനിൽ കുമാർ: ഭേദഗതിയെ പിന്താങ്ങുന്നു. സംസ്ഥാനത്ത് ക്ഷേമപെൻഷനുകൾ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. ആദിവാസി മേഖലകളിൽ തൊഴിൽ ദിനങ്ങൾ 200 ആക്കി വർദ്ധിപ്പിക്കണം. തൊഴിലാളികൾ അടയ്ക്കേണ്ട അംശദായം പഞ്ചായത്തുകൾ ഏറ്റെടുക്കുകയും തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന സാമൂഹ്യക്ഷേമ പെൻഷൻ തുടർന്നും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. യു. എ. ലത്തീഫ്: ഭേദഗതിയെ പിന്താങ്ങുന്നു. 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ 8-ാം വകുപ്പുപ്രകാരമുള്ള ബോർഡ് രൂപീകരണം സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുമെന്നതിനാൽ നിലവിൽ തൊഴിലുറപ്പ് ക്ഷേമനിധി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനെ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തണം. ബില്ലിലെ 17-ാം വകുപ്പുപ്രകാരമുള്ള ശിക്ഷ പിഴ ഒടുക്കൽ മാത്രമായി നിലനിർത്തണം. തൊഴിൽദിനങ്ങളുടെ എണ്ണം 200 ആക്കാനും വേതനം 500

രൂപയാക്കി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. ഞാറ് നടീൽ, കൊയ്ത്ത്, തെങ്ങ് തടമെടുക്കൽ തുടങ്ങിയ പ്രവൃത്തികൾകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും, മേറ്റുകളുടെ വിദ്യാഭ്യാസ യോഗ്യത എഴുത്തും വായനയും അറിയാവുന്ന ആൾ എന്നാക്കി മാറ്റുകയും വേണം.

ശ്രീ. രമേശ് ചെന്നിത്തല: 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ കേന്ദ്ര നിയമത്തിന് വിരുദ്ധമായതിനാൽ ഒരുകാരണവശാലും നിയമമാക്കാൻ പാടില്ല.

300 സ്ക്വയർ മീറ്റർവരെയുള്ള കെട്ടിടങ്ങൾക്ക് സ്വയം സാക്ഷ്യപത്രം സഹിതം അപേക്ഷ നൽകിയാൽ അഞ്ചുദിവസത്തിനകം പെർമിറ്റ് നൽകുമെന്ന വ്യവസ്ഥ അഴിമതിക്ക് ഇടയാക്കും. തിരുവനന്തപുരം ഉൾപ്പെടെയുള്ള കോർപ്പറേഷനുകളിൽ നടക്കുന്ന അഴിമതി സംബന്ധിച്ച് പരിശോധന നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുന്ന നടപടിയിൽ നിന്ന് പിൻമാറണം. പഞ്ചായത്തുകളിലെ ജോലിഭാരം കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ട്രഷറിയിൽ സൂക്ഷിക്കണമെന്ന

ധനവകുപ്പിന്റെ നിർദ്ദേശവും പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള നിയമപരമായ അധികാരങ്ങളിലുള്ള സർക്കാരിന്റെ ഇടപെടലും പുന:പരിശോധിക്കണം. പ്രളയ/കോവിഡ് കാലങ്ങളിൽ സ്തുത്യർഹ സേവനം കാഴ്ചവച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണം. തദ്ദേശ പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള ആശങ്ക ദൂരീകരിക്കണം.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയ പ്രകാരം

ശ്രീമതി ശാന്തകുമാരി കെ.: 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഗ്രാമ ഭരണത്തിന് ത്രിതല ഭരണ സംവിധാനങ്ങളും നഗര ഭരണത്തിന് നഗരപാലിക സ്ഥാപനങ്ങളും പഞ്ചായത്ത് രാജ് നിയമത്തിന്റെ സവിശേഷതയാണ്. ജില്ലാ പ്ലാനിംഗ് കമ്മിറ്റികളും ജില്ലാ ഓംബുഡ്സ്മാൻ, ട്രിബ്യൂണൽ തുടങ്ങിയ സംവിധാനങ്ങളും വരുന്നതോടെ പ്രാദേശിക ഭരണ സംവിധാനത്തിന്റെ ഏകോപനം സാധ്യമാകും. ശാരീരിക അസ്വസ്ഥതകളില്ലാത്ത കോവിഡ് രോഗബാധിതർക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് സൗകര്യപ്രദമായ സമയം ലഭ്യമാക്കാൻ കഴിഞ്ഞതോടൊപ്പം 80 വയസ്സിനുമുകളിലുള്ള വോട്ടർമാർക്ക് തപാൽ വോട്ട്

രേഖപ്പെടുത്താൻ സൗകര്യമൊരുക്കിയ നടപടി അഭിനന്ദനാർഹമാണ്. പഞ്ചായത്തുകളുടെ ഭരണസംവിധാനത്തെ ഏകോപിപ്പിക്കുന്നതിനും അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിനും ഈ ഭേദഗതികളിലൂടെ സാധിക്കും.

ശ്രീ. പി. പി. സുമോദ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. സി. മൊയ്തീൻ: 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമഭേദഗതികളിലൂടെ കാലാനുസൃതമായുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വീഴ്ചവരുത്തിയാൽ സർക്കാരിന് ഇടപെടാൻ കഴിയുന്ന വ്യവസ്ഥ അനിവാര്യമാണ്. ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ അടിയന്തര ആസൂത്രണം ആവശ്യമാണെന്ന വ്യവസ്ഥ നഗര ഗ്രാമാസൂത്രണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള സ്ഥലപരാസൂത്രണം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നഗരങ്ങളുടെ വളർച്ചയും ഗ്രാമീണമേഖലയിലെ നഗരവൽക്കരണവും പരിസ്ഥിതിയും വേഗത്തിൽ മാറുന്ന സാഹചര്യമാണുള്ളത്. പ്രകൃതി ചൂഷണമുൾപ്പെടെയുള്ള സാമൂഹിക പശ്ചാത്തലങ്ങൾ നേരിടുന്നതിനും പ്രകൃതി സൗഹൃദ വികസന പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഈ നിയമ ഭേദഗതിയെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അന്തഃസത്തയ്ക്കും സമഗ്രമായ കാഴ്ചപ്പാടിനുമെതിരായും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായുമാണ് ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. 22 (എ) എന്ന ഖണ്ഡം കൂട്ടിച്ചേർക്കുന്നത് അനധികൃത നിർമ്മാണങ്ങളെ ക്രമപ്പെടുത്താനുള്ള ശ്രമമാണോയെന്ന് വിശദീകരിക്കണം. വീടുകളിൽ എ.സി.-യുള്ളവർക്ക് സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് അർഹതയില്ലെന്ന വ്യവസ്ഥയിൽനിന്ന്

ഗുരുതര രോഗം ബാധിച്ചവരെ ഒഴിവാക്കുന്നതിന് ചട്ടം ഭേദഗതി ചെയ്യണം. തൃക്കാക്കര മുനിസിപ്പാലിറ്റിയ്ക്ക് ആവശ്യമായ ജീവനക്കാരെ അനുവദിക്കണം. കൊച്ചിൻ കോർപ്പറേഷനിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യാനുള്ള കരാർ സോണ്ടറ് എന്ന കമ്പനിക്ക് നൽകാനുള്ള തീരുമാനം പുനരാലോചിക്കുകയും എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച വെണ്ണല സ്കൂൾ കെട്ടിടത്തിന്റെ കരാറുകാരന് കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുകയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന ദിവസ വേതനക്കാരായ ആരോഗ്യ പ്രവർത്തകരെ പിരിച്ചുവിട്ട തീരുമാനം പുനഃപരിശോധിക്കുകയും ചെയ്യണം.

ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. കെ. പ്രശാന്ത്: 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ചെലവഴിക്കപ്പെടുന്നതും പ്രാദേശിക സർക്കാരുകളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റിക്കൊണ്ട് കോവിഡ് മഹാമാരിയെ ചെറുക്കാനുള്ള പരിശ്രമങ്ങൾ നടത്തിയതും അഭിമാനകരമാണ്. പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ മാറ്റംവരുത്താൻ തയ്യാറായതും ചില

പ്രത്യേക ജനവിഭാഗങ്ങൾക്ക് പരിഗണന നൽകിയതും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും കുട്ടികൾക്കുമുള്ള ആശ്വാസ പദ്ധതികൾക്ക് രൂപം നൽകിയതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുരോഗതിയാണ് കാണിക്കുന്നത്. അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശപൊതുസർവ്വീസ് നിലവിൽ വരുന്നതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയരുന്നതാണ്. മുനിസിപ്പൽ നഗരസഭകളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ജനസംഖ്യാനുപാതികമായി വർക്ക് സ്റ്റഡി നടത്തി ആവശ്യംവേണ്ട ജീവനക്കാരെ നിയമിക്കുന്നതോടൊപ്പം വലിയ നഗരസഭകളിൽ ഒരു ഫിനാൻസ് ഓഫീസറെയും ലാ ഓഫീസറെയും പബ്ലിക് ഓഫീസറെയും നിയമിക്കാനും നടപടിയുണ്ടാകണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ഭരണഘടനാ വിരുദ്ധമായി നടത്തുന്ന പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതോടൊപ്പം ഭരണഘടനാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുമാവശ്യമായ സമീപനമുണ്ടാകണം. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ

സ്വീകരിച്ച് വരുന്നത്. ബില്ലുമായി ബന്ധപ്പെട്ടുള്ള ഭരണ-പ്രതിപക്ഷാംഗങ്ങളുടെ ആശങ്കകൾ സബ്ജക്ട് കമ്മിറ്റിയിലും തുടർന്ന് സഭയിലും വിശദമായി ചർച്ച ചെയ്യാവുന്നതാണ്. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകാൻ താത്പര്യമുള്ള തൊഴിലാളികൾ ഒടുക്കുന്ന 50 രൂപയ്ക്ക് ആനുപാതികമായ തുക സർക്കാർ വഹിക്കുന്നതോടൊപ്പം ക്ഷേമനിധിയിലെ ജീവനക്കാർക്കുള്ള ശമ്പളമുൾപ്പെടെയുള്ള ചെലവുകൾക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗിക്കുന്നതാണ്. ബില്ലിന്റെ പേര് മാറ്റുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാം. ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സ് പൂർത്തിയായവർക്ക് പെൻഷൻ നൽകുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ സാധിച്ചതും ഓർഡിനൻസ് അടിസ്ഥാനമാക്കി വിജയകരമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് നടത്താൻ സാധിച്ചതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. അധികാര വികേന്ദ്രീകരണത്തിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും അപേക്ഷകന് കൈപ്പറ്റ് രസീത് ലഭിച്ച് അഞ്ചാമത്തെ ദിവസം മുതൽ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയുകയും അപേക്ഷയിൽ കൃത്രിമം കണ്ടെത്തുന്നപക്ഷം പിഴ

ഒടുക്കേണ്ടതായും വരുന്ന വിധത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്. 213 സേവനങ്ങൾ ഓൺലൈനിൽ നിലവിൽ 230 പഞ്ചായത്തുകളിലും അടുത്ത വർഷാരംഭത്തോടെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ലഭ്യമാക്കുന്നതാണ്.

നിരാകരണ പ്രമേയങ്ങൾ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലും 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയച്ചു.

**അറിയിപ്പ്**

മി. സ്പീക്കർ: ഇന്നുചേർന്ന കാര്യോപദേശക സമിതിയുടെ യോഗത്തിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ 06-10-2021 ബുധനാഴ്ച

സഭയുടെ മുമ്പാകെ വരുന്ന ബില്ലുകളിന്മേലുള്ള ഓർഡിനൻസ് നിരാകരണപ്രമേയ നോട്ടീസുകളുടെയും സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകളുടെയും മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനായി നടത്തുന്ന നറുക്കെടുപ്പിന്റെ തീയതിയും സമയവും 05-10-2021 ഉച്ചയ്ക്ക് 12.00 മണിയാണെന്ന വിവരം അറിയിക്കുന്നു.

സഭ രാത്രി 7.47-ന് പിരിഞ്ഞു.

**********